# ഉയിർപ്പുതിരുനാൾ : ഏപ്രിൽ 12 ഞായർ, 2009

പരിശുദ്ധപിതാവ് ബനഡിക്ട് 16-ാമൻ മാർപാപ്പയുടെ രണ്ടാമത്തെ ചാക്രികലേഖനമാണ് Spe Salvi-'പ്രത്യാശയിൽ രക്ഷ' ഈ പേരിന് നിദാനമായ ബൈബിൾ വചനം റോമാലേഖനം 8:24 ആണ്. ''ഈ പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്'' മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിലൂടെ സൃഷ്ടിയെ ജീർണ്ണതയുടെ അടിമത്തത്തിൽ നിന്ന് മോചിതമാക്കിയ ഉത്ഥിതനായ ഈശോയിലുള്ള വിശ്വാസംവഴി സംലബ്ധമാവുന്ന നിത്യജീവനെപ്പറ്റിയുള്ള പ്രത്യാശയാണിവിടെ പ്രതിപാദിക്കപ്പെടുന്നത്. ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമായ ഉത്ഥിതനിലുള്ള ജീവിതത്തിന്റെ ഈ പ്രത്യാശയെ തൊട്ടുണർത്തുന്ന മനോഹരമായ ദിവസമാണിന്ന്.

ഇത് കേവലം ഭൗതികമായ പ്രത്യാശയല്ല മറിച്ച് അഭൗമീകതയിലുള്ള ഒരു പ്രത്യാശയാണ്. മരണത്തോടെ മനുഷ്യന്റെ ജീവിതം അവസാനിക്കുമെന്നും അതിനാൽ ഈ ലോകകേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കണമെന്നും പഠിപ്പിക്കുന്ന, ഭൗതീകതയിൽ മാത്രം ലക്ഷ്യംവയ്ക്കുന്ന, അതിൽമാത്രം പ്രത്യാശയർപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളിൽ നിന്നുംചിന്താധാരകളിൽ നിന്നും മാറി ചിന്തിക്കുവാൻ ക്രിസ്ത്യാനികളായ നമ്മെ ഓരോരുത്തരെയും പ്രേരിപ്പിക്കുന്ന പ്രത്യാശയാണിത്. പൗലോസ് ശ്ലീഹാ അദ്ധ്യായം19-ാം വാക്യത്തിൽഅനുസ്മരിപ്പിക്കുന്നതുപോലെ,''ഈലോകജീവിതത്തിനുവേണ്ടി മാത്രം മിശിഹായിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംക്കാൾ നിർഭാഗ്യരാണ്''എന്ന് മനസ്സിലാക്കി യഥാർത്ഥമായ പ്രത്യാശയിലേയ്ക്കുണരാനുള്ള ആഹ്വാനമാണ് ഓരോഉയിർപ്പുഞായറും നമുക്കോരോരുത്തർക്കും പകർന്നുതരുന്നത്.

ക്രൈസ്തവന്റെ പ്രത്യാശ ഉത്കണ്ഠകളില്ലാത്ത പ്രത്യാശയാണ്. പ്രത്യാശയുള്ളവർക്കേ ഉത്ഥിതനെ അന്വേഷിക്കുവാൻ മഗ്ദലേനമറിയത്തേപ്പോലെ പ്രതീക്ഷയോടെ കാത്തിരിക്കുവാൻ സാധിക്കുകയുള്ളൂ. ഉത്ഥിതൻ പകർന്നുനൽകുന്നത് സമാധാനത്തിൽ അധിഷ്ഠിതമായ ഒരു പ്രത്യാശയാണ്. ഉത്ഥിതനായ മിശിഹാ പകർന്നുനൽകുന്ന ഈ സമാധാനം അവൻ തന്നെയാണ്. ഭൗതികനശ്വരതയുടെ മൂർത്തീഭാവമായ മരണത്തെ സ്വന്തം ഉത്ഥാനം വഴി നിഹനിച്ച അവന്റെ സമാധാനം നെഞ്ചിലേറ്റുന്ന ക്രൈസ്തവന്, അവനിൽ പ്രത്യാശ വയ്ക്കുന്നവന്, ഭൗതീകതയുടെ വെല്ലുവിളികളോർത്ത് ആകുലപ്പെടേണ്ടതില്ല. അതുകൊണ്ട് ഈ ഉത്ഥാന അനുസ്മരണം ഒന്നാമതായി നമ്മോടാവശ്യപ്പെടുക ആകുലതകളില്ലാതെ ജീവിക്കാനാണ്, ഉത്ഥിതന്റെ പരിപാലനയിൽ പരിപൂർണ്ണമായി ആശ്രയം വയ്ക്കാനാണ്. ഉത്ഥിതനെ ജീവിക്കുന്നവനായി തിരിച്ചറിഞ്ഞ് ശക്തിയനുഭവിക്കുവാൻ പരാജയപ്പെടുന്നതുകൊണ്ടാണ് നാം പലപ്പോഴും മഗ്ദലനയെപ്പോലെ കരയുന്നത്. അവൻ ഇന്നും ജീവിക്കുന്നു എന്ന സത്യം തിരിച്ചറിയുമ്പോഴാണ് അവന്റെ സമാധാനം സ്വായത്തമാക്കുമ്പോൾ, നാമും മഗ്ദലനയെപ്പോലെ സന്തോഷം അനുഭവിക്കുന്നവരായി തീരും.

ഉത്ഥിതനായ മിശിഹായുടെ സമാധാനവാഹകരാകാൻ രണ്ടാമതായി ഈ ഉത്ഥാനാനുസ്മരണം നമ്മോടാവശ്യപ്പെടുന്നുണ്ട്. ഈശോ ഉത്ഥാനം ചെയ്തു എന്ന രഹസ്യം ശിഷ്യന്മാരെ അറിയിക്കുവാൻ അവിടുന്നുതന്നെ മഗ്ദലനമറിത്തോടാവശ്യപ്പെടുന്നതും അതനുസരിച്ച് മറിയം പ്രവർത്തിക്കുന്നതും നാമിന്ന് ശ്രവിച്ചല്ലോ. നമുക്കുള്ളതേ പങ്കുവയ്ക്കാനാവൂ. അതുകൊണ്ട് ഉത്ഥാനം ചെയ്ത മിശിഹായെക്കുറിച്ചും അവൻ നല്കുന്ന സമാധാനത്തെക്കുറിച്ചും അപരനോട് പങ്കുവയ്ക്കണമെങ്കിൽ ആദ്യമെ നമ്മൾ അത് സ്വായത്തമാക്കണം. ഇവിടെയാണ് പ്രിയപ്പെട്ടവരെ, വിശ്വാസത്തിന്റെ പ്രസക്തി കടന്നു വരുന്നത്. മഗ്ദലനമറിയം ഉത്ഥിതനെ കണ്ടിട്ട് തോട്ടക്കാരനെന്നു തെറ്റിദ്ധരിച്ചു. എന്നാൽ തന്നെ പേരുചൊല്ലി വിളിച്ചവന്റെ രക്ഷാകര ശബ്ദത്തെ തിരിച്ചറിയാൻ അവർക്കുൾക്കാഴ്ച ലഭിച്ചത് വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കപ്പെട്ടപ്പോഴാണ്. ഈ വിശ്വാസം നേടിയെടുത്ത് ഉത്ഥിതനെ സ്വന്തമാക്കി പങ്കുവയ്ക്കാനുള്ള വെല്ലുവിളി ഈ ഉയിർപ്പുതിരുനാൾ നമ്മുടെ മുൻപിൽ വയ്ക്കുന്നു. സഹോദരങ്ങളുടെ ജീവിതങ്ങളിൽ ഉത്ഥിതന്റെ സമാധാനം പകർന്നു നല്കുവാൻ നമുക്കാവണം. നമ്മുടെ അനുദിന ജീവിത വ്യാപാരങ്ങളിൽ, ചിന്താഗതികളിൽ ഉത്ഥിതന്റെ സമാധാനം നിറയ്ക്കുമ്പോൾ അത് നാമുമായി ബന്ധപ്പെടുന്നവർക്കും അനുഭവവേദ്യമാകും. ഇങ്ങനെ സമാധാന സംവാകരായാലേ നമുക്കും ഈശോയെ 'ഗുരോ' എന്ന് വിളിക്കുന്ന യഥാർത്ഥ ശിഷ്യന്മാരാകാൻ കഴിയൂ.

മൂന്നാമതായി നമുക്കു മുമ്പിൽ വയ്ക്കപ്പെടുന്നത് ഉത്ഥാനത്തിന്റെ സഭാത്മകമാനമാണ്. ഉത്ഥാനം ചെയ്ത മിശിഹാനാഥൻ സഭയുടെ ശിരസ്സാണ്. ഓരോ ക്രൈസ്തവനും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളും. ദൈവത്തെ പിതാവായി അംഗീകരിക്കുന്നവരുടെ സമൂഹമാണ് സഭ. മാമ്മോദീസാ വഴി നാമോരോരുത്തരും ക്രിസ്തുവിന്റെ സഹോദരന്മാരായി മാറുന്നു. ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമായി മാറുന്നു. ഈ സത്യമാണ് ഉത്ഥിതനായ ഈശോ മഗ്ദലനമറിയത്തോട് പറയുന്നത്. ''ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും പക്കലേക്ക് ആരോഹണം ചെയ്യുന്നു''. എന്നാൽ പ്രിയപ്പെട്ടവരെ, നാം പലപ്പോഴും സൗകര്യപൂർവ്വം ഈ സത്യം മറക്കുന്നു. സഹോദരന്റെ വേദനയെ എന്റെ വേദനയായി നെഞ്ചിലേറ്റാൻ നമുക്കാവുന്നില്ല. നമ്മൾ പലപ്പോഴും നാമമാത്രക്രൈസ്തവരായി മാറുകയല്ലേ ചെയ്യുന്നത്. സമീപകാലത്ത് സഭയ്ക്ക് പൊതുവായ ചില പ്രശ്നങ്ങളിലൂടെ കടന്നുപോകേണ്ടി വന്നപ്പോൾ ഞാൻ ക്രിസ്തുവിന്റെ മൗതീകശരീരത്തിലെ അംഗമാണെന്ന കാര്യം വിസ്മരിച്ചോ? അതുകൊണ്ട് പ്രിയപ്പെട്ടവരെ, സഭയോടും സഹോദരങ്ങളോടുമുള്ള എന്റെ സമീപനത്തിൽ അടിസ്ഥാനപരമായ ഒരു നവീകരണത്തിന് ഈ ഉയിർപ്പ് തിരുനാളാഘോഷം നമ്മെ ആഹ്വാനം ചെയ്യുന്നു. സഭയോടൊത്ത് ചിന്തിക്കുവാൻ, അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്ത് പങ്കാളികളാകുവാൻ, സഭാധികാരികളോട് ചേർന്നു നില്ക്കുവാൻ നമുക്ക് സാധിക്കണം.

ഭൗതീകതയുടെ നിരർത്ഥകതയെ നേരിടുവാനും, ഉത്കണ്ഠകളില്ലാതെ ദൈവപരിപാലനയിൽ ആശ്രയം വയ്ക്കാനും, ഉത്ഥിതന്റെ സമാധാന സംവാഹകരാകുവാനും, സഭയുടെ സജീവ അംഗമായി മാറാനും ഉത്ഥിതനായ മിശിഹാ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

**ഡീക്കൻ മാത്യു അഴകനാക്കുന്നേൽ**